പെരുമ്പാവൂർ ബാറിൽ വച്ച് തീപ്പെട്ടി ചോദിച്ചതിനെ തുടർന്ന് ആസാം സ്വദേശിയെ ആക്രമിച്ച കേസിൽ പ്രതി പിടിയിൽ. ഇടുക്കി അടിമാലി കുഞ്ചിത്തണ്ണി വില്ലേജ് ആനച്ചാൽ കോശേരിയിൽ വീട്ടിൽ എൽദോസ് തോമസ് (34)നെയാണ് പെരുമ്പാവൂർ പോലീസ് പിടികൂടിയത്. കഴിഞ്ഞ ദിവസം രാത്രി 11 മണിയോടെ പെരുമ്പാവൂരിൽ വച്ച് ബ്ലേഡ് കൊണ്ട് ആക്രമിക്കുകയായിരുന്നു.. കൈക്ക് പരിക്ക് പറ്റിയ മുഷ്ഫികുൽ ചികിത്സയിലാണ്.